"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ ഭവന പദ്ധതി -ശ്രീമതി. സുജ്വല, D/o കൃഷ്ണ ഭണ്ഡാരി, ബദിയടുക്ക എന്ന ആൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.336/2021/LSGD തീയതി,തിരുവനന്തപുരം, 08/02/2021

---

പരാമർശം:- 1 ബദിയടുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/01/2020-ലെ SC1235/20-ാം നമ്പർ കത്ത്.

2 കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19/08/2020 തീയതിലെ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 4.14-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ എൻഡോ സൾഫാൻ ഗുണഭോക്താക്കൾക്കുള്ള തണൽ ഭവന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. സുജ്വല, D/o കൃഷ്ണ ഭണ്ഡാരി, ബദിയടുക്ക എന്ന ആൾക്ക് ഭവനം അനുവദിക്കാൻ തെരഞ്ഞെടുത്തിരുന്നുവെന്നും യൂണിറ്റ് നിരക്കായ 2,50,000/- രൂപയിൽ 1,25,000/- രൂപ ഇതുവരെ കൈപ്പറ്റിയെന്നും തറയുടെ നിർമ്മാണം മാത്രമേ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളുവെന്നും ഇനിയുള്ള തുക കൊണ്ട് ഭവനം പൂർത്തിയാക്കാൻ കഴിയില്ലായെന്നും ഈ ഗുണഭോക്താവ് ലൈഫ് മിഷന്റെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ഉണ്ട് എന്നും ടി സാഹചര്യത്തിൽ കൈപ്പറ്റിയ 1,25,000/- രൂപ പലിശ ഒഴിവാക്കി തിരികെ അടച്ചുകൊണ്ട് ലൈഫ് മിഷൻ പ്രകാരം ഭവന പദ്ധതിയിൽ ധനസഹായം നൽകാൻ അനുമതി നൽകണമെന്ന് പരാമർശം (1) ,(2) എന്നിവ പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിയ്ക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം ( 3 ) തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ പലിശ ഒഴിവാക്കി കൈപ്പറ്റിയ തുക തിരികെ അടച്ചുകൊണ്ട് ലൈഫ് പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. ഒരിക്കൽ വീട് നിർമ്മാണത്തിന് ധനസഹായം നൽകിയ ആൾ എന്തുകൊണ്ട് ലൈഫ് ലിസ്റ്റിൽ വന്നു എന്നത് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് ഇത്തരം പിഴവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറകോഡ്.

സെക്രട്ടറി/പ്രസിഡന്റ്, ബദിയടുക്ക പഞ്ചായത്ത്.

ശ്രീമതി. സുജല, D/oകൃഷ്ണ ഭണ്ഡാരി, ബദിയടുക്ക (ബദിയടുക്ക പഞ്ചായത്ത്

സെക്രട്ടറി മുഖാന്തിരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P A
Date: 2021.02.03 16:12:32 IST
Reason: Approved
സെക്ഷൻ ഓഫീസർ